Vol. 11 No. 4 Christmas 2021

# സാന്തോം ഫെലോഷിപ്പ്




പ്രേഷിത സഹകാരികൾക്കുള്ള പ്രസിദ്ധീകരണം

# CONTENTS

VOL. 11, NO. 4, DECEMBER 2021

Patron:
**Very Rev. Fr Antony Perumanoor**

Managing Editor:
**Rev. Fr Peter Kavumpuram**

Chief Editor:
**Fr. Monse Kuruvakunnel**

Editorial board:
**Fr Justine Vettukallel**
**Fr James Kurukilamkatt**
**Sr Ancil Maria FCC**
**Mr Issac Olickal**

Design & Layout:
**Jibin Mathew**

Direct all correspondence to:
Editor
Santhome Fellowship
Deepti bhavan
Melampara-686578
Kottayam, Kerala, India

Tel. +91 4822-236353
Mob. +91 9495992501
9544183779

E-mail:
mstassociates@gmail.com
Web: www.mstworld.org/santhome-fellowship

Santhome Fellowship is a missionary periodical of the missionary society of st thomas apostle(mst) for all its friends and collaborates
(Private circulation only)

04 **ജനറാളച്ചന്റെ സന്ദേശം**
ഫാ. ആന്റണി പെരുമാനൂർ

06 **പിതാവ് മക്കളോട്**
മാർ സെബാസ്റ്റ്യൻ എടയന്ത്രത്ത്

07 **പിറവിത്തിരുനാളിന്റെ കൊച്ചു കൊച്ചു സന്ദേശങ്ങൾ**
ഫാ. ജുബിൻ മുരിക്കൻ

12 **ഒരു ഭിഷഗ്വരന്റെ പ്രേഷിതയാത്ര**
ഡോ. ജോയി

20 **പ്രേഷിത വഴിയിൽ**
സി. പുഷ്പ എസ് ഡി

25




28 **വഴിത്താര തീർക്കുന്നവർ**
ഫാ. ലിബിൻ വലിയപറമ്പിൽ

# എഡിറ്റോറിയൽ

സ്വർഗ്ഗം മണ്ണോളം താഴ്ന്നിറങ്ങി പുൽക്കൂടോളം ചെറുതായതിന്റെ ഓർമ്മയാണ് ക്രിസ്തുമസ്. ദൈവം നമ്മോടുകൂടെ എന്നർത്ഥമുള്ള എമ്മാനുവേൽ എന്ന് അവൻ വിളിക്കപ്പെടും. ദൈവം കൂടെ ഉണ്ടാവുക എന്നതാണ് ഒരു മനുഷ്യന്റെ ഏറ്റവും വലിയ ബലം. നമ്മുടെ കൂടെ ജീവിക്കുന്നവരോട് അവരുടെ സങ്കടങ്ങളിൽ ചേർത്തു നിർത്തി ധൈര്യമായിരിക്കുക കൂടെയുണ്ട് എന്ന് പറയാൻ കഴിഞ്ഞാൽ അതാണ് ക്രിസ്തുമസ്. ക്രിസ്തുമസിൽ പ്രത്യേകമായി നാം ഓർമ്മിക്കുന്ന ഒന്നാണ് വീടിന്റെ ഉമ്മറപ്പടിയിൽ നാം തൂക്കിയിടുന്ന ക്രിസ്തുമസ് നക്ഷത്രം. പൂജ രാജാക്കന്മാർക്ക് പുൽക്കൂടോളം വഴികാട്ടുക എന്ന നിയോഗത്തോടെ മാത്രം ആകാശത്തിൽ ഉദിച്ചതാണ് ഈ നക്ഷത്രം. നമ്മുടെ ജീവിതത്തിലും വഴികാട്ടുന്ന ഒട്ടനവധി നക്ഷത്രങ്ങൾ നമുക്ക് ചുറ്റുമുണ്ട്. ആദ്യമായി ഈശോയെ കാട്ടിത്തന്ന മാതാപിതാക്കന്മാരും നമ്മുടെ ഹൃദയങ്ങളിൽ അറിവിന്റെ വിത്തുപാകിയ അധ്യാപകരും ജീവിതത്തിലെ ചില സംഘർഷങ്ങളിൽ കൂടെനിന്ന് ബലം പകർന്ന സുഹൃത്തുക്കളും നമുക്ക് പ്രകാശം തരുന്ന നക്ഷത്രവിളക്കുകൾ ആണെന്ന് മറക്കാതിരിക്കാം. ഒപ്പം കണ്ടുമുട്ടുന്നവർക്ക് ക്രിസ്തുവിലേക്ക് വഴിതെളിക്കുന്ന നക്ഷത്രവിളക്കുകൾ ആയി നമുക്ക് മാറാം. പുതിയ നിയമത്തിന്റെ ആദ്യ താളുകളിൽ മാത്രം പ്രത്യക്ഷപ്പെട്ട് തികച്ചും മൗനമായി നിയോഗം പൂർത്തിയാക്കിയ യൗസേപ്പിതാവും, യേശുവിന്റെ വഴികളിലെല്ലാം നിഴല്പോലെ കൂടെ നിന്ന മറിയവും ഈ യാത്രയിൽ നമുക്ക് വഴി കാട്ടട്ടെ. എല്ലാവർക്കും ക്രിസ്തുമസിന്റെയും പുതിയൊരു വർഷത്തിന്റെയും എല്ലാവിധ നന്മകളും ആശംസിക്കുന്നു.



**സ്നേഹപൂർവ്വം**
**മോൻസച്ചൻ**





# ജനറാളച്ചന്റെ സന്ദേശം

ഏവർക്കും ക്രിസ്തുമസ് - നവവത്സരാശംസകൾ സ്നേഹപൂർവ്വം നേരുന്നു. ബെത്‌ലെഹേമിൽ ഈശോയുടെ ജനനം ഒരു മൃദുസ്പർശത്തിന്റെ ലാഘവത്തോടെ സ്വർഗ്ഗം ഭൂമിയിലേക്ക് ഇറങ്ങിയതാണ്. മനുഷ്യന്റെ ചിന്തയ്ക്കും, ഭാവനയ്ക്കും അപ്പുറത്താണ് ദൈവത്വം മനുഷ്യത്വമായി ലയിച്ചു ചേരുന്നത്. ദൈവത്തിന്റെ താഴോട്ടുള്ള ഈ ഇറങ്ങിവരവ്, പാപം നിറഞ്ഞ മനുഷ്യവംശത്തെ ദൈവമക്കളുടെ നിലയിലേക്ക് ഉയർത്താൻ വേണ്ടിയായിരുന്നു. ദൈവം തന്റെ പുത്രനെ നമ്മോടൊപ്പം ആയിരിക്കുവാൻ അയച്ചപ്പോൾ ദൈവം നമ്മുടെ ഒപ്പം നമ്മുടെ കൂടെയായി. അല്ലെങ്കിൽ "എമ്മാനുവേൽ" - ദൈവം നമ്മോടുകൂടെ ആയി. മനുഷ്യവംശത്തിനു ലഭിച്ച ഏറ്റം വലിയ അവകാശവും ബഹുമാനവുമാണിത്.

നമ്മുടെ രക്ഷ, നമ്മുടെ ചരിത്രം, ദൈവം നമ്മെ രക്ഷിക്കാൻ ആഗ്രഹിച്ച വിധം ചരിത്രത്തിനുള്ളിലാണ് സംഭവിച്ചത്. തന്റെ ജനത്തോടൊപ്പം ദൈവം ചരിത്രത്തിലൂടെ ഒരു യാത്ര നടത്തുകയായിരുന്നു. ദൈവം ചരിത്രം സൃഷ്ടിക്കുന്നു. നമ്മളും ചരിത്രമുണ്ടാക്കുന്നു. നാം തെറ്റു ചെയ്യുമ്പോൾ ദൈവം ചരിത്രം തിരുത്തുന്നു. അങ്ങനെ മുന്നോട്ടുകുതിക്കുവാൻ ദൈവം നമുക്കു സാഹചര്യം ഒരുക്കുന്നു. കാരണം ദൈവം നമ്മോടൊപ്പം യാത്ര ചെയ്യുന്നു. ഇതു

ഗ്രഹിക്കുന്നതാണ് ക്രിസ്തുമസ്. ദൈവം നമ്മോടുകൂടെ യാത്ര ചെയ്യുന്നതിന്റെ ചരിത്രമാണ് ക്രിസ്തുമസ്. തീർച്ചയായും ക്രിസ്തുമസോടെ ഇത് അവസാനിക്കുന്നില്ല. കാരണം ഇന്ന് ദൈവം നമ്മുടെ കൂടെ സഞ്ചരിക്കുന്നു. ഇക്കാരണത്താലാണു നമുക്കു പ്രാർത്ഥന, കൂദാശകൾ, സുവിശേഷ പ്രഘോഷണം എന്നിവ ആവശ്യമായിരിക്കുന്നത്. നമ്മുടെ കൂടെയുള്ള ദൈവത്തെ തിരിച്ചറിയുകയും, അനുഭവിക്കുകയും ചെയ്തതിനുശേഷം ആ ദൈവാനുഭവം നാം നമ്മുടെ വാക്കിലൂടെയും പ്രവർത്തിയിലൂടെയും നാം വ്യാപരിക്കുന്ന ഇടങ്ങളിലും കണ്ടുമുട്ടുന്ന വ്യക്തികൾക്കും പങ്കു വയ്ക്കാം. ഇതായിരിക്കട്ടെ ക്രിസ്തുമസ് നല്കുന്ന സന്തോഷം. ഈ സന്തോഷം മറ്റുള്ളവരുമായി പങ്കുവയ്ക്കാൻ ഈ വർഷത്തെ ക്രിസ്തുമസ് നമ്മെ സഹായിക്കട്ടെ.

**സ്നേഹപൂർവ്വം**
**ഫാ. ആന്റണി പെരുമാനൂർ**
**ഡയറക്ടർ ജനൽ, എം. എസ്. റ്റി**





# പിതാവ് മക്കളോട്

ക്രിസ്തുമസ് പ്രത്യാശയുടെ തിരുനാളാണ്. രോഗവും ക്ലേശവും അനാഥത്വവും മനുഷ്യമനസ്സിനെ അലട്ടുകയും ഇന്നുകളും നാളെകളും പ്രകാശം മങ്ങിയതായിത്തോന്നുകയും ചെയ്യുമ്പോൾ എന്തെന്നില്ലാത്ത ഒരു ഊർജ്ജം പകരുന്ന രക്ഷണീയ ജീവിതത്തിന്റെ തുടക്കത്തിന്റെ ഓർമ്മയാണ് ക്രിസ്തുമസ്. ഒന്നും അവസാനിക്കുന്നില്ല എന്ന സദ്വാർത്ത, മനുഷ്യർക്ക് പകരുവാൻ ദൈവം കണ്ടെത്തിയ മഹനീയമായ രക്ഷാകര പദ്ധതിയാണ് ക്രിസ്തുമസ്. എല്ലാം തീർന്നു..

ഞാനും തീരുവാൻപോകുന്നു... എന്ന പേടി നമ്മളിൽ നിന്ന് ഉള്ള ശക്തിപോലും ചോർത്തികളയുമ്പോൾ ഈ ഗുഹയുടെ അന്ത്യത്തിൽ പ്രകാശത്തിന്റെ പ്രഭാപൂരം കാണിക്കുവാൻ ദൈവം എന്നും എനിക്കുവേണ്ടി കാത്തിരിക്കുന്നു എന്ന സന്ദേശമാണ് ക്രിസ്തുമസ് എനിക്ക് നൽകുക. എന്റെ ചെറുപ്പകാലങ്ങളിൽ ക്രിസ്തുമസിന്റെ ആരവങ്ങൾ, ക്രിബ്, ക്രിസ്തുമസ് നക്ഷത്രം, കാർഡുകൾ, സമ്മാനങ്ങൾ, കേക്ക് എന്നിവ എന്നെ ഹരം പിടിപ്പിച്ചിരുന്നുവെങ്കിൽ ഇന്നെന്നെ ഹരം പിടിപ്പിക്കുന്നത് ക്രിസ്തുമസ് നൽകുന്ന ആന്തരിക ബലത്തിന്റെ മഹിമയാണ്. ഞാൻ ഏകനല്ലെന്നും എന്നെ സ്നേഹിക്കുന്ന പിതാവും മാതാവുമായ ദൈവം എനിക്കുണ്ടെന്നും എന്നെ കൈപിടിച്ച് നടത്തുന്ന പ്രപഞ്ചം, എന്നെ മുന്നോട്ട് നയിക്കുമെന്നുമുള്ള അനുഭവം കുറച്ചൊന്നുമല്ല എന്നെ ബലപ്പെടുത്തുന്നത്. ഓരോ വർഷം കഴിയുന്തോറും ക്രിസ്തുമസ് ഡിസംബർ മാസത്തിന്റെ മാസ്മരികതയല്ല എല്ലാ ദിവസവും രാവിലെ കിടക്കപ്പായിൽ എഴുന്നേറ്റ് ദൈവത്തോടോപ്പം വിമോചന പ്രവർത്തനങ്ങൾക്ക് ഒരോമിനിറ്റും ഓടുവാനുള്ള ആന്തരിക ചോദനയാണത്. ദൈവം മനുഷ്യനായി എന്ന ഓർമ്മതന്നെ, ഞാനാകുന്ന ബലഹീനപാത്രത്തിന്റെ കൂടെവസിക്കാൻ തിരുമനസ്സായി എന്നതല്ലേ. ആശ്രയിക്കാം, വിശ്വാസത്തോടെ വിശ്വസ്തയോടെ വിനയത്തോടെ മറ്റൊരു ക്രിസ്തുവാകാൻ, എല്ലാ സാന്തോം ഫെലോഷിപ്പ് അംഗങ്ങൾക്കും മറ്റുള്ളവരിൽ ക്രിസ്തുവിനെക്കാണാൻ...... ക്രിസ്തുമസ് പുതുവത്സരാശംസകൾ.

സ്നേഹത്തോടെ

**മാർ സെബാസ്റ്റ്യൻ എടയന്ത്രത്ത്**

**മാണ്ഡ്യ രൂപതയുടെ മെത്രാൻ**



# പിറവിത്തിരുനാളിന്റെ കൊച്ചുകൊച്ചു സന്ദേശങ്ങൾ



**ഫാ. ജൂബിൽ മുരിക്കൻ എം. എസ്. റ്റി**

ക്രിസ്തുമസ്- പ്രത്യാശയുടെയും സമാധാനത്തിന്റെയും സന്തോഷത്തിന്റെയും സന്ദേശവുമായി വരുന്ന സുദിനം. സ്രഷ്ടാവായ ദൈവം സൃഷ്ടി ആയിത്തീർന്ന ദിവസം, രാജാവായി പിറക്കേണ്ടവൻ ദാസനായി പിറന്ന ദിവസം.ദൈവം മനുഷ്യത്വത്തെ മഹത്ത്വപ്പെടുത്തിയ ദിവസം. മറ്റൊരു തരത്തിൽ പറഞ്ഞാൽ, പിതാവായ ദൈവത്തിന് ഈ ലോകത്തോടുള്ള അടങ്ങാത്ത സ്നേഹത്തിന്റെ ഏറ്റവും വലിയ അടയാളമാണ് ക്രിസ്തുമസ്.

ക്രിസ്തുമസ് ദൈവം കൂടെയുണ്ടെന്ന ഉറപ്പ്. “അന്ധകാരത്തിൽ കഴിഞ്ഞ ജനം മഹത്തായ ഒരു പ്രകാശം കണ്ടു. കൂരിരുട്ടിന്റെ ദേശത്ത് വസിച്ചിരുന്നവരുടെ മേൽ പ്രകാശം ഉദിച്ചു” (ഏശയ്യ 9: 2). പേടിപ്പിക്കുന്ന അന്ധകാരത്തിന്റെ നിഴൽവീണ താഴ്‌വരയിലൂടെ എ



ന്ന പോലയാണ് നാമൊക്കെ ഈ കോവിഡ് കാലത്തിലൂടെ കട ന്നു പോയി കൊണ്ടിരിക്കുക.

കൊറോണ വൈറസിന്റെ ഭീതിപ്പെടുത്തുന്ന അരക്ഷിതാവ സ്ഥ പലവിധ മാനസികാവസ്ഥകളിലൂടെ നമ്മെ നയിച്ചു ഏകദേശം രണ്ട് വർഷം പിന്നിടുമ്പോൾ, പുതിയ പ്രതീക്ഷകളിലേക്കുള്ള പ്ര ത്യാശയോടെ വാതിൽ തുറന്ന് സ്നേഹവും, നന്മയും, സാഹോദ ര്യവും, സമാധാനവും കണ്ടെത്തുവാൻ നമ്മെ പ്രചോദിപ്പിക്കുന്ന ക്രിസ്തുമസ് വരവായിരിക്കുകയാണ്. ഈ ലോക ജീവിതത്തിലെ പ്രതിസന്ധികളിലും കഷ്ടതകളിലും നിരാശപ്പെടുത്തുന്ന ജീവിത സാഹചര്യങ്ങളിലും നമ്മെ ഒറ്റപ്പെടുത്തുന്ന അകലങ്ങളിലിരിക്കു ന്ന ഒരു ദൈവമല്ല നമുക്കുള്ളത്, മറിച്ച് കഷ്ടപ്പാടുകളുടെയും ദാരി ദ്യത്തിന്റെയും നടുവിൽ ജനിക്കുകയും എല്ലാ അർത്ഥത്തിലും നമ്മോട് താദാത്മ്യം പ്രാപിക്കുകയും ചെയ്തവനായ ഇമ്മാനുവേ ലായ ദൈവമാണ്. അതിനാൽ വേദനകളുടെയും പ്രതിസന്ധിക ളുടെയും തളർത്തുന്ന നിമിഷങ്ങളിൽ നാം തനിച്ചല്ല, ദൈവം ന മ്മോടുകൂടെയുണ്ട് എന്ന ഓർമ്മപ്പെടുത്തലാണ് ഓരോ ക്രിസ്തുമ സും നമുക്ക് നൽകുന്നത്.

**ക്രിസ്തുമസ്: ആത്മീയാനന്ദത്തിന്റെ സന്ദേശം നല്കുന്ന കാലം**

അമേരിക്കൻ നോവലിസ്റ്റായ എഡ്നാ ഫെർബെറിന്റെ വാ ക്കുകളിൽ ക്രിസ്തുമസ് വെറുമൊരു ആഘോഷമല്ല, മറിച്ച് അതൊരു ആത്മാനുഭൂതിയാണ്. ആയതിനാൽ, പുൽക്കൂട് കെട്ടുന്നതും കേക്ക് മുറിക്കുന്നതും സമ്മാനങ്ങൾ കൈമാറുന്നതുമായ ബാഹ്യമായ ആഘോഷങ്ങളിലേക്ക് പിറവിത്തിരുനാളിനെ ഒതുക്കി നിർത്താതെ, ദൈവം നൽകുന്ന യഥാർത്ഥ സമാധാനത്തിന്റെയും സന്തോഷത്തി

ന്റെയും സന്ദേശം ഹൃദയത്തിൽ സ്വീകരിക്കുവാൻ നമുക്ക് പരിശ്രമിക്കാം. കർത്താവിന്റെ പിറവിത്തിരുനാൾ നമുക്ക് അർത്ഥവത്തായ നിരവധി സന്ദേശങ്ങളാണ് നൽകുക. അതിൽ ഏതാനും ചിലത് മാത്രം ഇവിടെ പരാമർശിക്കട്ടെ:

**i. നക്ഷത്രം**

ദൂരെദേശത്തുനിന്നു വന്ന രാജാക്കന്മാർക്ക് രക്ഷകനായ ഈശോയിലേക്കുള്ള വഴികാട്ടിയായത് ഒരു നക്ഷത്രമാണ്. മറ്റുള്ളവർക്ക് നന്മയിലേക്കുള്ള വഴികാട്ടിയാകുന്ന ഒരു നക്ഷത്രമായി ഞാൻ മാറുമെന്ന് തീരുമാനമെടുക്കാം. കാരണം അക്രമവും, തീവ്രവാദവും, അസഹിഷ്ണതയും, സ്ത്രീപീഡനങ്ങളും, അധാർമിക യാഥാർത്ഥ്യങ്ങളും, അഴിമതിയും, മനുഷ്യത്വരാഹിത്യവും നമുക്കുചുറ്റും അനുദിനം വർദ്ധിച്ചു വരുമ്പോൾ നന്മയുടെ പ്രകാശ ഗോപുരങ്ങളായി, വഴിവിളക്കുകളായി ചില മനുഷ്യരെങ്കിലും അവശേഷിച്ചില്ലെങ്കിൽ മാനവികതയുടെ പ്രകാശം നമുക്ക് എന്നന്നേക്കുമായി നഷ്ടപ്പെട്ടെന്ന് വരാം.



**ii. കാലിത്തൊഴുത്ത്**

സകലവും തന്നിലൂടെ സൃഷ്ടിക്കപ്പെട്ടിട്ടും ഈശോയ്ക്ക് ജനിക്കാൻ ഇടമാകുന്നത് കൊട്ടാരമോ മണി സൗധമോ ഒന്നുമല്ല, മറിച്ച് ദുർഗന്ധം വമിക്കുന്നതും വൃത്തിഹീനവുമായ ഒരു കാലിത്തൊഴുത്താണ്. കാലിത്തൊഴുത്ത് നമുക്ക് നൽകുന്ന സന്ദേശം എളിമയുള്ളവരാകുക, താഴ്മയുള്ളവരാകുക എന്നതാണ്.



**iii. മാലാഖമാരുടെ സ്തുതിഗീതം**

എത്ര വലിയ ലക്ഷ്യങ്ങളോടുകൂടെ ജീവിച്ചാലും എല്ലാ മനുഷ്യരും പ്രധാനമായി ആഗ്രഹിക്കുന്നത് എന്നും സമാധാനം ഉണ്ടായിരിക്കുക എന്നതാണ്. എന്നാൽ ലൗകികമായ സമ്പത്തിനോ സുഖസൗകര്യങ്ങൾക്കോ ഈ സമാധാനം നമുക്ക് നല്കുവാനാകില്ലെന്ന വാസ്തവികതയും നമുക്കറിയാം. ഈ സമാധാനം നേടാമെന്ന് മാ



ലാഖമാരുടെ സ്തുതിഗീതം നമ്മെ ഓർമ്മിപ്പിക്കുന്നുണ്ട്; "അത്യുന്നതങ്ങളിൽ ദൈവത്തിന് മഹത്വം, ഭൂമിയിൽ സന്മനസ്സുള്ളവർക്ക് സമാധാനം." നല്ല മനസ്സുള്ളവർക്ക് സമാധാനം ലഭിക്കും. ഹേറോദേസ് രാജാവിന് ഈശോയുടെ ജനനം അസ്വസ്ഥതകളാണ് കൊടുത്തത്. കാരണം അവന്റെ മനസ്സ് സ്വാർത്ഥമായ അധികാര മോഹത്താൽ നിറഞ്ഞതായിരുന്നു. അതിനാൽ നമുക്ക് നമ്മുടെ ഹൃദയങ്ങളെ നല്ല ചിന്തകൾകൊണ്ടും നന്മയായിട്ടുള്ളതിനെകൊണ്ടും അലങ്കരിക്കാം. അങ്ങനെ യഥാർത്ഥ സമാധാനം ആസ്വദിക്കാം.

**ക്രിസ്തുമസ്: ബന്ധങ്ങളുടെ പുഃനസ്ഥാപനത്തിന്റെ കാലം**

വിശുദ്ധ അഗസ്റ്റിൻ പറയുന്നു, "മനുഷ്യരെ ദൈവമക്കൾ ആക്കുവാനാണ് ദൈവം മനുഷ്യനായി അവതരിച്ചത്" എന്ന്. പാപത്തിന്റെ അടിമത്തത്തിൽ പെട്ട് അധഃപതിച്ചുപോയ മനുഷ്യകുലത്തെ സമുദ്ധരിക്കുവാൻ വേണ്ടി 'അവൻ സമ്പന്നൻ ആയിരുന്നിട്ടും നമ്മെ പ്രതി ദരിദ്രനായി, തന്റെ ദാരിദ്ര്യത്താൽ നാം സമ്പന്നരാകാൻ വേണ്ടിത്തന്നെ, (cf2.കോറിന്തോസ് 8: 9). ഈശായുടെ ഈ ദാരിദ്ര്യം വരുവാനിരിക്കുന്ന തിരസ്കരണത്തിന്റെയും, വേദനകളുടെയും, പീഡാനുഭവങ്ങളുടെയുമൊക്കെ ഒരു സൂചനയായിരുന്നു. ഈ സ്വയം ശൂന്യവത്ക്കരണത്തിലൂടെ ആയിരുന്നു അവനു ആദിമാതാപിതാക്കൾ നഷ്ടമാക്കിയ ദൈവ-മനുഷ്യബന്ധം പുനഃസ്ഥാപിക്കുവാൻ. ക്രിസ്തുമസ് എന്നത് അതിനാൽ തന്നെ തകർന്ന ഒരു ബന്ധത്തിന്റെ പുനഃസ്ഥാപനത്തെയാണ് നമ്മെ ഓർമ്മിപ്പിക്കുക. നമ്മുടെ വ്യക്തി ജീവിതത്തിൽ, ദൈവവുമായുള്ള ബന്ധത്തിൽ, മനുഷ്യരുമായുള്ള ബന്ധത്തിൽ ഏതെങ്കിലുമൊക്കെ തരത്തിലുള്ള വിള്ളലുകൾ, അകൽച്ചകൾ സംഭവിച്ചിട്ടുണ്ടെങ്കിൽ അതൊക്കെ പുനഃസ്ഥാപിക്കപ്പെടണമെന്നാണ് പിറവി തിരുന്നാൾ നമ്മെ ആഹ്വാനം ചെയ്യുന്നത്. എത്രയൊ ബന്ധങ്ങളിൽ ഉലച്ചിൽ സംഭവിച്ചിട്ടുണ്ട്, അകൽച്ചകൾ ബാധിച്ചിട്ടുണ്ട്. ഇവയൊക്കെ പുനഃസ്ഥാപിക്കണമെന്ന് നമുക്ക് ആഗ്രഹമുണ്ട്. എന്നാൽ ഇത് എങ്ങനെ ചെയ്യണമെന്ന് നമുക്ക് യാതൊരു നിശ്ചയവുമില്ല. ഇത് നമ്മെ പഠിപ്പിക്കുന്ന



തും നമുക്ക് മാതൃക നൽകുന്നതും ഉണ്ണീശോ തന്നെയാണ്. തകർന്നതും ശിഥിലവുമായ ബന്ധങ്ങൾ പുനഃസ്ഥാപിക്കപ്പെടണമെന്നുണ്ടെങ്കിൽ ഉണ്ണീശോയുടെ എളിമയുടെയും ശൂന്യവത്കരണത്തിന്റെയും ശൈലി നാം സ്വന്തമാക്കണം (cf. ഫിലിപ്പി 2: 6-7). നാമൊക്കെ ചെറുതാവാനും താഴാനും തയ്യാറാകുമ്പോൾ ബന്ധങ്ങളിലെ വിള്ളലുകൾ താനേ അപ്രത്യക്ഷമാകുന്നത് നമുക്ക് കാണുവാൻ സാധിക്കും. കരോൾ ഗാനങ്ങൾക്കും വർണാഭമായ ആഘോഷങ്ങൾക്കുമപ്പുറം പിറവിത്തിരുനാൾ നമ്മെ അനുസ്മരിപ്പിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്ന അനവധി സന്ദേശങ്ങൾ ഇനിയുമുണ്ട്. ഈ സന്ദേശങ്ങളൊക്കെ നമ്മുടെ ജീവിതത്തിൽ അല്പമെങ്കിലുമൊക്കെ സ്വാംശീകരിക്കാൻ സാധിച്ചെങ്കിൽ മാത്രമേ പിറവിത്തിരുനാൾ നമുക്കൊരു ആത്മീയാനുഭൂതിയായി മാറുകയുള്ളു.

ബോബ് ഹോപ്പ് എന്ന ബ്രിട്ടീഷ്-അമേരിക്കൻ കൊമേഡിയൻ ക്രിസ്തുമസിനെപ്പറ്റി പറയുന്നത് ഇപ്രകാരമാണ്: എന്നെ സംബന്ധിച്ചിടുത്തോളം ക്രിസ്തുമസ് എന്ന ആശയം, പ്രാചീനമായാലും ആധുനികമായാലും വളരെ ലളിതമാണ്. മറ്റുള്ളവരെ സ്നേഹിക്കുക. പക്ഷേ, അങ്ങനെയാണെങ്കിൽ, അത് ചെയ്യാൻ നമുക്ക് ക്രിസ്തുമസ് വരെ കാത്തിരിക്കേണ്ട ആവശ്യമുണ്ടോ? ദൈവസ്നേഹത്തെക്കുറിച്ച് ധ്യാനിച്ചുകൊണ്ട് പരസ്നേഹ പ്രവർത്തികളിൽ വ്യാപൃതരായികൊണ്ട് നമുക്ക് മിശിഹായെ ലോകത്തിന് കൊടുക്കുന്നവരാകാം.



# ഒരു ഭിഷഗ്വരന്റെ പ്രേഷിതയാത്ര



ഡോ. ജോയി
(സാന്തോം ഫെലോഷിപ്പ്, പാലാ)

യാദൃച്ഛികമായാ നടന്ന ഒരു പരിചയപ്പെടൽ... എം.എസ്.റ്റി യിലെ ജോൺ പന്തലിപ്പാടൻ അച്ചൻ മരിച്ചുപോയ ജയ്സൺ അച്ചന്റെ ഹീമോഡയാലിസിന് കൂട്ടുവന്നതാണ്. ഇടവേളയിൽ കാർമ്മൽ മെഡിക്കൽ സെന്ററിലെ അഡ്മിനിസ്ട്രേറ്ററുമായി ഒരു ചെറിയ സുഹൃദ് സംഭാഷണം. അപ്പോൾ ഞാനവിടെ ഉണ്ടായിരുന്നു. പന്തലിപാടനച്ചന്റെ കൂട്ടത്തിലുണ്ടായിരുന്ന സഹവൈദികനെ പരിചയപ്പെടുത്തി. ഇത് ഫാദർ സിബിമോൻ നെല്ലൂർ, ഞങ്ങൾ ഒരു ബാച്ചുകാരാണ്. സിംലയിൽ തുടങ്ങുന്ന പുതിയ മിഷന്റെ തിരക്കിലാണ്. സിംല എന്ന കേട്ടപാതി, കേൾക്കാത്ത പാതി ഞാൻ ചാടി കയറി ചോദിച്ചു.... എന്നെ ഒന്നു സിംല കാണിക്കൻ കൊണ്ടു

പോകുമോ? ആകസ്മികമായ എന്റെ ആവശ്യപ്പെടലും സിബിയച്ചന്റെ ആത്മാർത്ഥമായ മറുപടിയും.... അതിനെന്താ ഡോക്ടർ ജി. നമുക്കൊരുമിച്ച് ഒരു മിഷനറി ട്രിപ്പ് പ്ലാൻ ചെയ്യാം. ജോണച്ചാ, പറ്റിയ ആളുകളെയാണ് കൂട്ടിമുട്ടിച്ചിരിക്കുന്നത്. കന്നിനെ കയം കാണിക്കല്ല് കേട്ടോ. സിസ്റ്റർ സിൽവിന്റെ പതിവ് മുന്നറിയിപ്പ്..... നാലുപേരും ചിരിച്ചു.

എന്നാൽ ആകസ്മികമായ ആ പരിചയപ്പെടുത്തൽ, ആത്മാർത്ഥവും സുദൃഢവുമായ ഒരു സുഹൃദ് ബന്ധത്തിന്റെ നാന്ദിയായി ഭവിച്ചത് ദൈവപരിപാലനയുടെ നലം തികഞ്ഞ ദൃഷ്ടാന്തമായി ഞാനിന്നു മനസ്സിലാക്കുന്നു. 2018 ജൂലായ് മാസം മധ്യത്തോടെ സിബിയച്ചന്റെ അറിയിപ്പു വന്നു. "ഡോക്ടർജി ഹിമാചലിലെ മിഷൻ സ്റ്റേഷനുകളിലൂടെ ഒരു യാത്രയ്ക്ക് കൂടുന്നോ? വിവിധ മിഷൻ സ്റ്റേഷനുകളിലൂടെ ഒരു പഠന പ്രദക്ഷിണം. കൂടെ ഒരു സീനിയർ പുരോഹിതനും. ഇത്തരം യാത്രകളിൽ പരിണിത പ്രജ്ഞനുമായ മാത്യു മൂത്തശ്ശേരിയച്ചനും കൂടെ വരാൻ താല്പര്യപ്പെടുന്നുണ്ട്. ഫോണിൽക്കൂടെ കാണുന്നില്ലെങ്കിലും ഞാൻ " തംസ് അപ് " മുദ്ര കാണിക്കുകയും ഓകെ സൺ എന്നു പറയുകയും ചെയ്തു.

പിന്നെ യാത്രക്കുള്ള ഒരുക്കങ്ങളായി. കണ്ണടച്ചിരുന്നും കണ്ണു തുറന്നു കിടന്നും സ്വപ്നാടനങ്ങളായിരുന്നു.

2018 ആഗസ്റ്റ് മാസം 11-ാം തീയതി പുലർച്ചെ ഞാൻ കൊച്ചിയിൽ നിന്നും വിമാനമാർഗ്ഗം ബാംഗ്ലൂരു വഴി ചണ്ഡിഗഢിലെത്തുന്നു. അവിടുന്ന് മൂത്തശ്ശേരിയച്ചനും, രണ്ട് യുവ നഴ്സ് കുട്ടികളും കൂടെ കൂടും ബാക്കി റോഡുവഴി, സിംല മൊഫസ്സിൽ ബസ് ടെർമിനലിൽ സിബിയച്ചൻ തന്റെ പ്രിയപ്പെട്ട XUV യുമായി കാത്തു നില്ക്കും. സിംലയിൽ നിന്ന് ഏതാണ്ട് 40 കി. മി താണ്ടിയാൽ "റോഡ്രു" എന്ന ഗ്രാമത്തിലെത്തും... അതാണ് സിബിയച്ചന്റെ ഗലീലിയും, യൂദായും ജെറുസലേമും.....ആഗസ്റ്റ് മാസം ആദ്യവാരം തുടങ്ങിയ പേമാരി കേരളത്തിലെ പല പ്രദേശങ്ങളേയും പ്രളയത്തിലാഴ്ത്തി. ആഗസ്റ്റ് പത്താം തീയതി യോടെ കൊച്ചി വിമാനത്താവളം അടച്ചു പൂട്ടേണ്ടി വന്നേക്കാമെന്ന സ്ഥിതിയിലായി. പതിനൊന്നാം തീയതി രാത്രി പല പ്രാവശ്യം വിമാനത്താവളവുമായി ബന്ധപ്പെട്ടു. റൺവേയിൽ വെള്ളം കയറി മൂടാതിരിക്കാൻ റൺവേയ്ക്കു സമാന്തരമായുള്ള നീർച്ചാലുകളിൽ നിന്ന് കൂറ്റൻ പമ്പുകൾ ഉപയോഗിച്ച് ചെങ്ങൽ തോട്ടിലേക്ക്" വെള്ളം പമ്പു ചെയ്തു



കൊണ്ടിരിക്കുകയാണ്. ഇതുവരെ ഫ്ലൈറ്റ് കാൻസലേഷനുകളില്ല. ആകാംക്ഷഭരിതമായ മണിക്കൂറുകൾ... പതിവിലും കാലേകൂട്ടി വിമാനത്താവളത്തിലെത്തി. നിശ്ചിത സമയത്തിൽ കാൽ വണ്ടിക്കൾക്ക് മുൻപേ “ഇൻഡിഗോ” വിമാനം പറന്നു. വിമാനത്തിന്റെ റോൾസ് റോയ്സ് എൻജിനുകളുടെ എക്സോസ്റ്റിനെക്കാൾ ശക്തമായ ആശ്വാസ നിശ്വാസം. മൂന്നിനു പകരം നാലു പ്രാവശ്യം ബാവായ്ക്കും പുത്രനും, റൂഹായ്ക്കും സ്തുതി; ദൈവത്തിനു നന്ദി പറഞ്ഞു.

പറഞ്ഞതുപോലെ ചണ്ഡിഗഢിൽ വച്ച് മൂത്തശ്ശേരിയച്ചനും, ആൽബിറ്റ, ഗീതു എന്നീ രണ്ടു നഴ്സുമാരും ഒത്തുകൂടി ബസ്സിൽ സിംല വരെ. ബസ്സിൽ നല്ല തിരക്കായിരുന്നു. അതുകൊണ്ട് സിംലയിലേക്കുള്ള യാത്ര ആസ്വദിക്കാനായില്ല....നല്ല വിശപ്പും. ഏതാണ്ട് എട്ടുമണിയോടെ സിംലയിലെത്തി. സിബിയച്ചനും SUV യും റെഡി. ഭംഗിയായി പായ്ക്കു ചെയ്ത “പാഥേയവും” റെഡി. അല്പം മഴമൂടലും ശൈത്യവും ഉണ്ടായിരുന്നെങ്കിലും ജഠരാഗ്നി ആളിക്കത്തുന്നുണ്ടായിരുന്നു. അല്പം ഇരുട്ടിന്റെ മറയുണ്ടായിരുന്നത് കൊണ്ട് ആർത്തി പിടിച്ച തീറ്റ ആരും കണ്ടതുമില്ല. സിബിയച്ചൻ കരുതിയിരുന്ന പരിമിതമായ കുപ്പിവെള്ളം “ക്ഷാളനകർമ്മം” അനുഷ്ഠാനം മാത്രമായി. ചിക്കൻ ഫ്രൈയുടെയും ഫ്രൈഡ് റൈസിന്റെയും മണം യാത്ര തീരുന്നതുവരെ കൂട്ടിനുണ്ടായിരുന്നു.

സാധന സാമഗ്രികൾ അടുക്കിപ്പെറുക്കി പാക്ക്ചെയ്തു യാത്ര

യാരംഭിച്ചു. ഏതാണ്ട് അരമുക്കാൽ മണിക്കൂർ പിന്നിട്ടപ്പോൾ...ഹാൾട്ട് മുൻപിൽ കണ്ണെത്താ ദൂരം വരെ ബ്ലോക്കിൽപെട്ട വാഹനങ്ങളുടെ നീണ്ട നിര. മലയിടിച്ചിൽ എന്ന തദ്ദേശത്തെ പുതുമയില്ലാത്ത പ്രതിഭാസം. ചെളിയും വെള്ളവും ഉരുളൻ പാറക്കല്ലുകളും ഉന്തിയും ഉരുട്ടിയും കോരിമാറ്റിയും വാഹനങ്ങൾ കടത്തിവിടാൻ യത്നിക്കുന്ന ജെസിബികളുടെയും ട്രക്കുകളുടെയും ഘടപട ശബ്ദം. നിരങ്ങി നീങ്ങുന്ന ഒറ്റവരി വാഹനവ്യൂഹം. ഇത്തരം പ്രതിസന്ധികളിൽ സ്ഥാപികമായി പുറത്തു എടുക്കുന്ന പ്രാർത്ഥനകൾ ദുഃഖത്തിന്റെയും മഹിമയുടെയും സന്തോഷത്തിന്റെയും പ്രകാശത്തിന്റെയും രഹസ്യങ്ങൾ ധ്യാനിച്ചുകൊണ്ട് ഉള്ള ജപമാല യജ്ഞം.



രണ്ടും കല്പിച്ചു കൊണ്ടുള്ള കരുണ കൊന്ത, "ഈശോയുടെ അതിദാരുണമായ പീഡാ സഹനങ്ങളെയോർത്തു ഈ വണ്ടിക്കുള്ളിലുള്ളവരോടു കരുണയായിരിക്കണേ.....

അവസാനം അടിവച്ചടിവച്ചു നീങ്ങികൊണ്ടിരുന്ന വാഹന നിര റോഡ് ബ്ലോക്കിന്റെ ചങ്ങലക്കെട്ടുപൊട്ടിച്ച് ഗതിവേഗം കൈവരിക്കുമ്പോൾ കിഴക്കു "പെരുമീൻ" പൊട്ടിയിരുന്നു. റോഡ്രുവിലെത്തിയപ്പോൾ നല്ലപോലെ വെട്ടം വീണിരുന്നു.

റോഡ്രു ഗ്രാമത്തിൽ ഒരു കെട്ടിടത്തിന്റെ രണ്ടാം നിലയിലെ പരിമിത സൗകര്യങ്ങളിലാണ് സിബിയച്ചന്റെ മിഷൻ കേന്ദ്രം "തല്കാലം" പ്രവർത്തിച്ചിരുന്നത്. കൈവരി പണിതീർത്തിട്ടില്ലാത്ത കോൺക്രീറ്റ് ഗോവണി കയറിവരുമ്പോൾ വീതി അധികമില്ലാത്ത ഒരു വരാന്ത. വരാന്തയിൽ നിന്ന് അകത്തേയ്ക്കു കയറുമ്പോൾ ഒരു ഹാൾ, ഹാളിന്റെ വടക്കേ ഭാഗത്ത് ചെറിയ ഒരു അൾത്താര. അവിടെയാണ് ദിവസേനയുള്ള ദിവ്യബലി...പ്രാർത്ഥനകൾ. ദിവ്യബലിക്ക് ആരേയും ക്ഷണിക്കാറില്ല. അടുത്തുള്ളവരിൽ ചിലർ ആദ്യം ജിജ്ഞാസ കൊണ്ടും പിന്നെ പിന്നെ ആത്മാർത്ഥമായി കത്തോലിക്കാ മതത്തെപ്പറ്റി അറിയാനുള്ള ആഗ്രഹം കൊണ്ടും

കർമ്മങ്ങളിൽ പങ്കെടുക്കാൻ വന്നു തുടങ്ങിയിട്ടുണ്ട്. അതാണ് സിബിയച്ചന്റെ മിഷൻ പ്രവർത്തന ശൈലി. വന്നു കാണുക ഹാളിന് ഇരുവശത്തുമുള്ള പരിമിത സൗകര്യങ്ങൾ ഉപയോഗിച്ച്, ഗീതു, ആൽബിറ്റ സഹോദരിമാർക്കും എനിക്കും വിശ്രമിക്കാനുള്ള ഇട ങ്ങൾ ഒരുക്കിയിട്ടുണ്ട്. മൂത്തശ്ശേരി അച്ചന് നേരെ എതിർവശത്തുള്ള മുറി സിബിയച്ചന് തറ തന്നെ ശയ്യാഗേഹം.

നേരം പുലർന്നതോടെ ആദ്യം വന്നത് ഗുരുജി എന്ന സിബി



യച്ചന്റെ സുഹൃത്തും തദ്ദേശീയരെയും സിബിയച്ചനേയും കൂട്ടിയിണക്കുന്ന 'വട്ടക്കണ്ണി' എന്നു പറയാവുന്ന ഒരു നല്ല മനുഷ്യൻ- സിംല യിൽ നിന്ന് ലഭിച്ച പ്രോട്ടസ്റ്റൻന്റ് മത ബോധനം ഗുരു ജിയെ ഒരു നല്ല ഉപദേശി ആക്കിത്തീർത്തിട്ടുണ്ട് എന്നത് വൈകു ന്നേരങ്ങളിൽ അടുത്തുള്ള പ്രാർത്ഥനാ കേന്ദ്രത്തിൽ നടത്തപ്പെ ടുന്ന കൂട്ടായ്മയിൽ സിബിയച്ചനും മൂത്തശ്ശേരിയച്ചനും ഞങ്ങളും പങ്കെടുത്തപ്പോൾ മനസ്സിലായി. വാദ്യോപകരണങ്ങളുടെ അകമ്പ ടിയോടെയുള്ള കീർത്തനാലാപനങ്ങൾ, ബൈബിൾ പാരായണം... ഗുരുജിയുടെ വചനം പങ്കുവയ്ക്കൽ സിബിയച്ചന്റെ ലഘു പ്രസം ഗം. ഞങ്ങൾക്ക് സ്വീകരണം, പരമ്പരാഗത രീതിയിലുള്ള തൊപ്പി കൾ എനിക്കും മൂത്തശ്ശേരിയച്ചനും. പെൺകുട്ടികൾക്ക് വർണ്ണശ ബളമായ "സ്കാർഫ്കൾ" 100% ഭാഗഭാഗിത്വമുള്ള സ്തുതിപ്പുകളും, രോഗശാന്തി വൃത്താന്ത



ങ്ങളും ഏച്ചുകെട്ടുകളി ല്ലാത്ത ഒരു പ്രാർത്ഥന കൂട്ടായ്മ ഏതാണ്ട് ഒരു മണിക്കൂർ നീണ്ടു. അയൽ വീട്ടുകാരുടെ വക അത്താ ഴം- ചിക്കൻ കറിയും റൊട്ടിയും (ചപ്പാത്തി).



പിന്നെ മിഷൻ സ്റ്റേഷനെ പ്രകമ്പനം കൊള്ളിച്ചു കൊണ്ടുള്ള എന്റെ കൂർക്കം വലിച്ചുള്ള ഉറക്കവും.

ഇതിനിടയിൽ വിട്ടുപോയ ഒരു കാര്യം, 12,13 തീയതികളിൽ സിബിയച്ചൻ നേരത്തെ ചെയ്തിരുന്ന 'മെഗാ' മെഡിക്കൽ ക്യാമ്പ് (മെഗാ എന്ന വിശേഷണം എന്റെ പ്രായത്തെ സൂചിപ്പിക്കാനായിരിക്കണം) ഗീതുവും ആൽബിറ്റയും ഇത്തരം ക്യാമ്പുകൾ എത്ര കണ്ടതാണ് എന്ന മട്ടിൽ ഒന്നിനും മുട്ടില്ലാതെ, ഒന്നാന്തരമൊരു സ്റ്റേഷൻ മെഡിക്കൽ ക്യാമ്പ് ഒരുക്കി. രണ്ടു ദിവസവും നല്ല ഹാജരുണ്ടായിരുന്നു നൂറിലേറെ പേർ.

14-ാം തീയതി രാവിലെ ഗീതു, ആൽബിറ്റമാരെ സുരക്ഷിതരായി ചണ്ഡിഗഢിന് ഒരു വാനിൽ കയറ്റി യാത്രയാക്കി. ഞങ്ങൾ SUV ൽ യഥാർത്ഥ പ്രേഷിത യാത്ര തുടങ്ങി. കാലാവസ്ഥ പ്രവചനങ്ങളുടെയും മൂത്തശ്ശേരിയച്ചന്റെ മിലിട്ടറി സുഹൃത്തുകളുടെയും ഉപദേശ പ്രകാരം യാത്ര എതിർ ദിശയിലൂടെയാക്കി. പ്രദക്ഷിണ വഴി ഒത്തിരിയേറെ അനുഭവങ്ങൾ പങ്കുവയ്ക്കാനുണ്ടെങ്കിലും പാളിച്ചകളില്ലാത്ത പ്രേഷിതയാത്ര ബിജ്നോർ രൂപതയുടെ ആസ്ഥാനത്തെത്തി അവസാനിപ്പിച്ചു എന്നു പറയാം. കടന്നുപോന്ന മിഷൻ കേന്ദ്രങ്ങളും കത്തോലിക്കാ പുരോഹിതരും, കന്യാസ്ത്രീകളും നടത്തുന്ന വിദ്യാലയങ്ങളും ഞങ്ങൾക്ക് ഊഷ്മളമായ വരവേല്പ്പും താമസ



സൗകര്യങ്ങളും നൽകി. സ്വാതന്ത്ര്യ ദിന പരിപാടികൾ വഴിക്കുള്ള സ്കൂളിലായിരുന്നു. കുട്ടികളുടെ വിവിധ കലാപരിപാടികൾ മൂത്തശ്ശേരിയച്ചന്റെ പതാകയുയർത്തൽ സ്വാതന്ത്ര്യദിന സന്ദേശം ഹിന്ദിയിൽ. ഹൃദ്യമായ സ്വാതന്ത്ര്യദിനാഘോഷങ്ങൾ.

ഇതിനിടയിൽ, കേരളം മഹാപ്രളയത്തിന്റെ ഭീകരതാണ്ഡവത്തിൽ വിറങ്ങിലിച്ചു നില്ക്കുന്നതിന്റെ ഭയാനക ദൃശ്യങ്ങൾ ടി. വിയിൽ കണ്ടു പേടിച്ചും പ്രാർത്ഥിച്ചും ഞങ്ങൾ നമ്മുടെ ഉറ്റവർക്ക് ഒന്നും വരുത്തല്ലെയെന്ന് നിരന്തരം പ്രാർത്ഥിച്ചുകൊണ്ടിരുന്നു.

തിരിച്ചു ചണ്ഡിഗഢിലെത്തി. കൊച്ചിക്കു ഫ്ലൈറ്റില്ല. ബാംഗ്ലൂരിൽ എന്റെ സഹോദരിയുടെ വീട്ടിലെത്തി. വൈകുന്നേരം ആയപ്പോഴേക്കും "കുതിരാൻ" തുറന്നു. എന്റെ മകൻ കാറുമായി കുറുക്കുവഴികളിലൂടെ ബാംഗ്ലൂരിലെത്തി എന്നേയും കൊണ്ട് വീട്ടിലേക്ക് പോരുന്ന വഴിയിൽ മഹാപ്രളയത്തിന്റെ ഭീകരതയുടെ ബാക്കിപത്രങ്ങൾ ദൃശ്യമായിരുന്നു. അങ്ങനെ 17-ാം തീയതിയോടെ എന്റെ പ്രേഷിതയാത്രയുടെ അവസാനമായി കോരിത്തരിപ്പിക്കുന്ന അനുഭവങ്ങളുടെ ഓർമ്മകൾ അവശേഷിപ്പിച്ചുകൊണ്ട്. ഈ യാത്രയിൽ ഒന്നെനിക്ക് മനസ്സിലായി. സിബിയച്ചൻ എന്ന തീക്ഷ്ണമതിയായ പ്രേഷിതന്റെ അനന്യമായ പ്രവർത്തനശൈലി. "സാംസ്കാരിക അനുരൂപണം" എപ്രകാരം ആത്മീയ പരിവർത്തനത്തിന് ഉപയുക്തമാക്കാം എന്നത് സിബിയച്ചന്റെ തനതു രീതിയിൽ ഫലപ്രദമാക്കുന്നത് നേരിട്ടുമനസ്സിലാക്കാൻ





സാധ്യമായി. റോഡ്രു എന്ന ഗ്രാമത്തിലെ സാമാന്യ ജനങ്ങളുമായി സ്ഥാപിച്ചെടുത്ത സമ്പർക്കങ്ങളിലൂടെയും പാരമ്പര്യത്തിലൂടെയും, അതേ സമയം തന്റെ വിശ്വാസ പസ്ഥാവിൽ നിന്ന് കടുകിടു വ്യതിചലിക്കാതെയും തന്റെ ജീവിതസാക്ഷ്യങ്ങളിലൂടെ അവരിൽ മതപരിവർത്തനത്തിന്റെ വിത്തുകൾ പാകുകയും അവരെ സത്യവേദത്തിന്റെ പാതയിലേക്കാകർഷിക്കുകയും ചെയ്യുന്നതിന്റെ അതുല്യമായ പ്രേഷിതപ്രവർത്തന രീതി എന്നെ ഹഠാദാകർഷിച്ചു.

"അവർ നമ്മുടെ ജീവിതം കണ്ട് പഠിക്കട്ടെ. അവരാവശ്യപ്പെടുമ്പോൾ അവർക്ക് കത്തോലിക്കാ മതബോധനങ്ങൾ പരിചയപ്പെടുത്താം. മതപരിവർത്തനം നടത്താം.

ഞാൻ നാട്ടിൽ തിരിച്ചെത്തി ജോലിയിൽ പ്രവേശിച്ചിട്ടും സിബിയച്ചനുമായി നിരന്തരം സമ്പർക്കത്തിലായിരുന്നു. തയ്യൽ ക്ലാസുകൾ തുടങ്ങിയതും കുട്ടികൾക്ക് ട്യൂഷൻ ക്ലാസ്സുകൾ നല്കുന്നതും, ഭാഷ ക്ലാസ്സുകളിലൂടെ കൊച്ചു കൊച്ചു ബൈബിൾ സംഭവങ്ങൾ വിവരിക്കുന്നതിലൂടെയുള്ള മതബോധന പരിശ്രമങ്ങളും, ദിവ്യബലിയിലും യാമ പ്രാർത്ഥനകളിലും പങ്കെടുക്കാനെത്തുന്നവരുടെ എണ്ണം ക്രമേണ കൂടിവരുന്നതുമൊക്കെ എന്നോടു പങ്കുവയ്ക്കുമായിരുന്നു.



# പ്രേഷിത വഴിയിൽ




**സി. പുഷ്പ എസ് ഡി**
**ബലിഗുഡ, ഒറീസ്സാ**


"ആകയാൽ നിങ്ങൾ പോയി എല്ലാ ജനതകളെയും ശിഷ്യപ്പെടുത്തുവിൻ. പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ അവർക്കു ജ്ഞാനസ്നാനം നല്കുവിൻ. ഞാൻ നിങ്ങളോടു കലിപിച്ചവയെല്ലാം അനുസരിക്കാൻ അവരെ പഠിപ്പിക്കുവിൻ. യുഗാന്ത്യം വരെ ഞാൻ നിങ്ങളോടുകൂടെ ഉണ്ടായിരിക്കും". (മത്താ 28:19-20).

യേശു തന്റെ ശിഷ്യർക്ക് നല്കിയ ഈ പ്രേഷിതദൗത്യം വിശ്വാസികളായ എല്ലാവരും ഹൃദയത്തിൽ സൂക്ഷിക്കേണ്ടതും അനുദിന ജീവിത സാഹചര്യങ്ങളിൽ തങ്ങളാൽ ആകുംവിധം പ്രാവർത്തികമാക്കുവാനും പരിശ്രമിക്കേണ്ടതുമാണല്ലോ. സ്വർഗ്ഗാരോഹണസ



മയത്ത് ഈശോ നല്കിയ ഈ ആഹ്വാനം നിറവേറ്റാനായി ആദിമ സഭയിലെ വിശ്വാസികൾ ജീവൻപോലും ത്യജിക്കാൻ തയ്യാറായി. അതേ മാതൃക പിൻതുടർന്നതുകൊണ്ട് സുവിശേഷ വേലയ്ക്കായി തങ്ങളെ മുഴുവനായും സവിശേഷമായി സമർപ്പിക്കുവാനുള്ള അവസരമാണല്ലോ സന്യാസ സമർപ്പിത ദൈവവിളി.

ക്രിസ്തുവിന്റെ കാരുണ്യസ്നേഹത്താൽ പ്രചോദിതമായി അഗതികളുടെയും പാർശ്വവൽക്കരിക്കപ്പെട്ടവരുടെയും അനാഥരുടെയും വിധവകളുടെയും രോഗികളും പീഡിതരുമായി ഒറ്റപ്പെട്ടു കഴിയുന്നവരുടെയും ഇടയിൽ യഥാർത്ഥ സഹോദരസ്നേഹത്തോടെ പ്രവർത്തിക്കാനും സുവിശേഷ മൂല്യങ്ങളിൽ ഉറച്ചു നിന്നുകൊണ്ട് പരിശുദ്ധാത്മാവിനാൽ നയിക്കപ്പെട്ട് ദൈവരാജ്യശുശ്രൂഷ ചെയ്യുവാൻ ധന്യൻ വർഗ്ഗീസ് പയ്യപ്പിള്ളി അച്ചനാൽ സ്ഥാപിതമായ എസ്.ഡി സന്യാസ സമൂഹത്തിന്റെ പുഷ്പദാം പ്രൊവിൻസ് ഒറീസ്സായിലെ മിഷൻ പ്രവർത്തനങ്ങൾ 2020 ഡിസംബറിൽ ആണ് ആരംഭിച്ചത്.







ക്രിസ്തുവിലുള്ള വിശ്വാസത്തെ പ്രതി അനേകമാളുകൾ പീഡിപ്പിക്കപ്പെടുകയും രക്തസാക്ഷിത്വം വരിക്കുകയും തങ്ങൾക്ക് ഉള്ളതെല്ലാം നഷ്ടപ്പെട്ട് ഉൾവനങ്ങളിലേക്ക് പോലും പലായനം ചെയ്യപ്പെടുകയും ചെയ്യേണ്ടിവന്ന ഒറീസ്സായിലെ കാണ്ഡമാൽ ജില്ലയിൽ തന്നെ തങ്ങളുടെ മിഷൻ പ്രവർത്തനം ആരംഭിക്കാൻ സാധിച്ചത് ദൈവനിയോഗമായി തിരിച്ചറിയുന്നു. സീറോ മലബാർ മിഷന്റെ ഭാഗമായി ബലിഗുഡയിലും പരിസര പ്രദേശങ്ങളിലുമായുള്ള പത്തോളം വില്ലേജുകളിലുമാണ് ഞങ്ങൾ ഇപ്പോൾ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. ക്രിസ്തുവിനെ രക്ഷകനും നാഥനുമായി വിശ്വസിച്ച് ഏറ്റുപറയുന്ന അനേകമാളുകൾ ഉള്ള ഒരു നാടാണിത്. പക്ഷേ കത്തോലിക്ക സഭയെക്കുറിച്ചോ പാരമ്പര്യങ്ങളെക്കുറിച്ചോ, കൂദാശകളെക്കുറിച്ചോ മനസ്സിലാക്കാൻ അവസരം ഇല്ലാതെപോയ അനേകം ആളുകൾ ഇവിടെയുണ്ട്. 2008 ൽ ഉണ്ടായ ക്രൈസ്തവ പീഡനത്തെതുടർന്ന് ആരാധനാലയങ്ങളും വീടും വസ്തുവകകളും എല്ലാം നഷ്ടപെടുകയും അതിന് മുമ്പുണ്ടായിരുന്ന വേദപാഠ സേവനം ലഭ്യമല്ലാതാവുകയും തങ്ങൾ മുമ്പ് അംഗ





ങ്ങൾ ആയിരുന്നു ഇതര ക്രൈസ്തവ സമൂഹങ്ങളിൽനിന്ന് മാറി നില്ക്കേണ്ടിവരികയും ചെയ്ത പലരും കത്തോലിക്ക വൈദിക രെയും സന്യസ്തരെയും വളരെ സന്തോഷത്തോടെ സ്വീകരിക്കുന്ന അനുഭവമാണ് ഇവിടെയുള്ളത്. തങ്ങൾക്ക് ലഭ്യമല്ലാതിരുന്ന അജ പാലനശുശ്രൂഷയും മറ്റുസേവനങ്ങളും തുടർന്നു ലഭിക്കുമെന്നതി നാൽ വളരെയേറെ സന്തുഷ്ടരാണ്.

പ്രാദേശിക സാഹചര്യങ്ങളും സംസ്കാരവും മനസ്സിലാക്കുക എന്നതും പ്രാദേശിക ഭാഷകളിൽ ആശയവിനിമിയം നടത്താൻ പരിശീലനം നേടുക എന്നതും പുതുമിഷനറിമാരെ സംബന്ധിച്ചിടു ത്തോളം ഏറെ ശ്രമകരമാണ്. വില്ലേജുകളിൽ കുടുംബങ്ങളെ കേന്ദ്രീ കരിച്ചാണ് ഞങ്ങൾ കൂടുതലും പ്രവർത്തിക്കുന്നത്. പട്ടിണി, പോഷ കാഹാരക്കുറവ്, ആവശ്യത്തിന് ചികിത്സാ സൗകര്യമില്ലാത്തതിനാൽ കഷ്ടപ്പെടുന്ന രോഗികൾ, സ്ഥിരമായ വരുമാന മാർഗ്ഗങ്ങൾ ഇല്ലാ ത്തവർ ഇവിടെ ഏറെയുണ്ട്. വിദ്യാഭ്യാസമില്ലാത്ത മുതിർന്നവരും 10,12 വയസ്സായിട്ടും ഇതുവരെ സ്കൂളിൽ പോയിട്ടില്ലാത്തവരും ഇവി ടെയുണ്ട്. കോവിഡിന്റെ പശ്ചാത്തലത്തിൽ സ്ഥിതിഗതികൾ കൂടു തൽ വഷളായതായി അനുഭവപെടുന്നു. ക്രൈസ്തവ വിശ്വാസിക ളെന്നതിനാൽ അവകാശങ്ങൾ നിഷേധിക്കപ്പെട്ടും ചൂക്ഷണം ചെയ്യ പ്പെട്ടും, ഒറ്റപ്പെട്ടും. കഴിയുന്ന ഒരു ജനത്തിനുവേണ്ടി അഹോരാത്രം ജീവിക്കുക എന്നതാണ് ഇവിടുത്തെ യഥാർത്ഥ മിഷൻ വെല്ലുവിളി. യേശുക്രിസ്തു മാത്രമാണ് ദൈവമെന്നും അവിടുന്ന് മാത്രമാണ്



ലോകരക്ഷകനെന്നും ദൈവജനത്തെ അറിയിക്കുവാൻ ഞങ്ങൾ വില്ലേജുകളിൽ വീടുകൾ സന്ദർശിക്കുകയും പ്രാർത്ഥിക്കുകയും വചനം പങ്കുവയ്ക്കുകയും ചെയ്യുന്നു. സുവിശേഷം പ്രചരിപ്പിക്കുന്നതിന് പുതിയ മാർഗ്ഗങ്ങളിലൂടെയും കഥകളിലൂടെയും സ്കിറ്റുകളിലൂടെയും പാട്ടുകളിലൂടെയും ക്ലാസ്സുകളിലൂടെയുമൊക്കെ ഞങ്ങൾ ശ്രമിക്കുന്നുണ്ട്.

ഈ വർഷം ഞങ്ങളുടെ പ്രൊവിൻസിന്റെ മെയിൻ ഫോക്കസ് എവാൻജെലൈസേഷൻ ആണ്. ഇവിടെയായിരിക്കുമ്പോൾ ഇതിനൊരു നല്ല ഒരു അവസരമായിട്ടാണ് അനുഭവപ്പെടുന്നത്. "ആത്മരക്ഷ ആത്മാക്കളുടെ രക്ഷ" എന്ന ആപ്തവാക്യം മനസ്സിൽ എപ്പോഴും വച്ചുകൊണ്ട് കടന്നുചെല്ലുന്ന വില്ലേജുകളിലും ഭവന സന്ദർശനവേളയിലും അവരോടൊത്ത് ആയിരിക്കുന്ന അവസരങ്ങളിലുമെല്ലാം അവർക്കുവേണ്ടി ജീവിക്കാനും അവരെ ഉൾകൊണ്ടു സ്നേഹിക്കാനും, ഈശോയുടെ സ്നേഹം വാക്കുകൾക്ക് അതീതമായി സാന്നിധ്യത്തിലൂടെയും പുഞ്ചിരിയിലൂടെയുമൊക്കെ നല്കുവാനും ഉത്തേജിപ്പിക്കുന്നു. എല്ലാവർക്കും, പ്രത്യേകിച്ച് ഈശോയെ അറിയാത്തവർക്ക് അവരെകൂടി സത്യദൈവത്തിലേക്ക് കൊണ്ടുവരുവാനുള്ള അത്യധികമായ ആഗ്രഹം എരിയുന്ന കനലായി ഇന്നും എന്റെ ഉള്ളിൽ കെടാതെ കിടക്കുന്നു.

"ഈ തൊഴുത്തിൽപ്പെടാത്ത മറ്റാടുകളും എനിക്കുണ്ട്. അവരെയും ഞാൻ കൊണ്ടുവരേണ്ടിയിരിക്കുന്നു. അവ എന്റെ സ്വരം ശ്രവിക്കും. അങ്ങനെ ഒരാട്ടിൻപറ്റവും ഒരിടയനുമാകും". (യോഹ 10:16)




## കൂട്ടിക്കൽ പ്രദേശത്ത് കൈത്താങ്ങായി സാന്തോം ഫെലോഷിപ്പ് അംഗങ്ങൾ

അപ്രതീക്ഷിതമായി ഉണ്ടായ ഉരുൾപൊട്ടലിൽ വിറങ്ങലിച്ചു പോയ കൂട്ടിക്കൽ പ്രദേശത്തെ ജനങ്ങൾക്ക് കൈത്താങ്ങായി സാന്തോം ഫെലോഷിപ്പ് അംഗങ്ങൾ. ഉരുൾപൊട്ടലിൽ സർവ്വതും



നഷ്ടപ്പെട്ടവർക്കായി ഭക്ഷണസാധനങ്ങളും വസ്ത്രങ്ങളും മറ്റു സാമഗ്രഹികളും ജീവിതത്തിനാവശ്യമായ വസ്തുക്കളും എത്തിച്ചാണ് സാന്തോംഫെലോഷിപ്പ് അംഗങ്ങൾ മാതൃകയായത്. മുണ്ടക്കയം പ്രദേശത്തെ തകർന്ന വീടുകൾ സന്ദർശിക്കുകയും അവർക്കാവശ്യമായ ഭക്ഷണവും വസ്ത്രവും എത്തിച്ചു കൊടുക്കുവാനും പ്രത്യേകം ശ്രദ്ധിച്ചു. ഇതിനുവേണ്ടി മുൻകൈയെടുത്ത തൊടുപുഴ, പാലാ പ്രദേശങ്ങളിലുള്ള സാന്തോം ഫെലോഷിപ്പ് അംഗങ്ങളെ ഏറ്റവും നന്ദിയോടെ ഓർക്കുന്നു.

## രത്‌ലാമിന് ആശ്വാസമായി നിർമൽ ജ്യോതി സെന്റർ



രത്‌ലാമിലെ സാധാരണക്കാരായ ജനങ്ങൾക്ക് ആശ്വാസമേകുവാൻ എം. എസ്. റ്റി യുടെ പുതിയ നിർമൽ ജ്യോതി സെന്റർ ആരംഭിച്ചു. നവംബർ ഒന്നാം തീയതി ആണ് ഇതിന്റെ ഉദ്ഘാടനം നടത്തിയത്. പാവപ്പെട്ടവർക്കും കഷ്ടത അനുഭവിക്കുന്നവർക്കും ഒരു കൈത്താങ്ങായി ഈ സ്ഥാപനം മാറുമെന്ന് സ്ഥാപക ഡയറക്ടറായ ബഹുമാനപ്പെട്ട ജോൺ അച്ചൻ അറിയിച്ചു. തെരുവോരങ്ങളിൽ താമസിക്കുന്നവരെ സഹായിക്കുവാനായി 5 അപ്പം പദ്ധതിയും ഇവിടെ ആരംഭിക്കുകയുണ്ടായി.

## കാച്ച്റോഡ് ജനതയ്ക്ക് ആശ്വാസമായി ആയി പുതിയ ദേവാലയം



വിശ്വാസികളുടെ ഏറെക്കാലത്തെ ആഗ്രഹത്തിന് ഉത്തരമായി പുതിയ ദേവാലയം കൂദാശയ്ക്ക് ഒരുങ്ങുന്നു. എം. എസ്. റ്റി വൈദികരുടെ പ്രയത്നഫലമായി പുതിയ ദേവാലയം ഡിസംബർ 19-ാം തീയതി ജനങ്ങൾക്കായി കൂദാശചെയ്തു നൽകപ്പെടുന്നതാണ്. ബഹുമാനപ്പെട്ട ഷിന്റോ പേണ്ടാ

നത്ത് അച്ചന്റെയും ബിനു പാണ്ടിയിൽ അച്ചന്റെയും പ്രയത്ന ഫലമായാണ് മനോഹരമായ ഈ ദേവാലയം ഇവിടെ വിശ്വാസികൾക്കായി ഒരുങ്ങുന്നത്. ഗ്രാമവാസികൾക്ക് 24 മണിക്കൂറും പ്രാർത്ഥിക്കുവാൻ ഉള്ള അവസരം ഇവിടെ ഒരുക്കിയിട്ടുണ്ട്.

## ജെകെ പൂർ മിഷനിൽ പുതിയ സ്റ്റഡി സെൻറർ



വിദ്യാഭ്യാസം നിഷേധിക്കപ്പെട്ട ജെകെപൂർ ഗ്രാമത്തിലെ കുഞ്ഞുങ്ങൾക്കായി എം. എസ്. റ്റി മിഷനറിമാരുടെ നേതൃത്വത്തിൽ പ്രൈമറി വിദ്യാഭ്യാസത്തിനുള്ള സ്കൂൾ ആരംഭിച്ചു. ബഹുമാനപ്പെട്ട ജോമോൻ അയ്യങ്കനാൽ അച്ചന്റെ നേതൃത്വത്തിലാണ് സ്കൂൾ ആരംഭിച്ചിരിക്കുന്നത്. സ്കൂളിൽ പോകുവാൻ സാധിക്കാത്ത കുഞ്ഞുങ്ങൾക്ക് ഇവിടെ വന്ന് പ്രാഥമിക വിദ്യാഭ്യാസം നേടാവുന്നതാണ് എന്ന് ബഹുമാനപ്പെട്ട ജോമോൻ അച്ചൻ അറിയിച്ചു. സാന്തോം ഫെലോഷിപ്പ് ദുബായ് യൂണിറ്റ് നല്കിയ പ്രത്യേക സഹായങ്ങൾക്ക് ബഹുമാനപ്പെട്ട ജോമോൻ അച്ചൻ നന്ദി അറിയിച്ചു.

## ഇൻഡോറിന് ഒരു ക്രിസ്തുമസ് സമ്മാനം

ഇൻഡോറിലും പരിസരപ്രദേശങ്ങളിലും ജീവിക്കുന്ന സാധാരണക്കാരായ ജനങ്ങൾക്ക് ക്രിസ്തുമസ് ആഘോഷിക്കുവാനായി ക്രിസ്തുമസ് കിറ്റുകൾ വിതരണം ചെയ്ത് ഇൻഡോറിലെ സാന്തോം ഫെലോഷിപ്പ് അംഗങ്ങൾ. കൊറോണയും തണുപ്പു മൂലം ഭക്ഷണത്തിനും അതുപോലെ മറ്റുള്ള ജീവിത ആവശ്യങ്ങൾക്കും വേണ്ടി ബുദ്ധിമുട്ടുന്ന വഴിയരികിൽ താമസിക്കുന്നവരും, ചേരികളിൽ താമസിക്കുന്നവരുമായ സഹോദരങ്ങളെ സഹായിക്കുവാൻ ആയിട്ടാണ് ഈ പ്രോഗ്രാം അംഗങ്ങൾ ഒരുക്കുന്നത്.



# വഴിത്താര തീർക്കുന്നവർ

## ഫാ. ലിബിൻ വലിയപറമ്പിൽ



**തയാറാക്കിയത്:**
**ഫാ. ആഷിഷ് കീരൻചിറ**

**1. അച്ചന്റെ ദൈവവിളിയെകുറിച്ചും, മിഷനറി വൈദികനാകാൻ തീരുമാനിച്ചതിനെകുറിച്ചും സാന്തോം ഫെലോഷിപ്പ് അംഗങ്ങളോട് പങ്കുവയ്ക്കാമോ?**

ജോസഫ്-ലിസ്സി ദമ്പതികളുടെ മകനായി പാലാ രൂപതയിലെ കൈപ്പള്ളി ഇടവകയിലായിരുന്നു ലിബിൻ അച്ചന്റെ ജനനം. പൂഞ്ഞാർ സെന്റ് ആന്റണീസിലായിരുന്നു ഹയർ സെക്കണ്ടറി പഠ



നം. ചെറുപ്പം മുതൽ വൈദികനാകാൻ ആഗ്രഹം ഉണ്ടായിരുന്നു. പ്ലസ്റ്റു കഴിഞ്ഞപ്പോൾ ആഗ്രഹം കൂടി. സൺഡേ സ്കൂൾ കാലഘട്ടത്തിൽ ഇടവക വൈദികരിൽ നിന്നുണ്ടായ പ്രചോദനം. വികാരിയച്ചനാണ് മിഷനറി അച്ചനാകാനും എം.എസ്.റ്റിയിൽ ചേരാനും പ്രേരിപ്പിച്ചത്. എം.എസ്.റ്റിയുടെ വൈദികപരിശീലന കേന്ദ്രങ്ങളിൽ വൈദികപഠനം നടത്തി 2019 ൽ വൈദികപട്ടം സ്വീകരിച്ചു.

**2. യുവ മിഷനറി എന്ന നിലയിൽ അച്ചന്റെ മിഷൻ അനുഭവം**

ഒത്തിരി പ്രതീക്ഷയോടും സന്തോഷത്തോടും കൂടിയാണ് വന്നത്. ഈശോയെ പ്രഘോഷിക്കുവാനുള്ള ആഗ്രഹം മനസ്സിൽ കത്തി ജ്വലിക്കുകയായിരുന്നു. പക്ഷേ കൊറോണ ലോക്ഡൗൺ മൂലം ആദ്യകാലങ്ങളിൽ അത് നടന്നില്ല. എന്നാൽ ഇപ്പോൾ ദൈവകൃപയിൽ ഇതെല്ലാം ചെയ്യാൻ സാധിക്കുന്നു.

2 വർഷമായി ബലിഗുഡയിൽ വർക്കു ചെയ്യുന്നു. മർക്കോ. 16:20 “അവൻ എല്ലായിടത്തും പോയി പ്രസംഗിച്ചു. കർത്താവ് അവനോടുകൂടെ പ്രവർത്തിക്കുകയും അടയാളങ്ങൾകൊണ്ട് വചനം സ്ഥിരീകരിക്കുകയും ചെയ്തു”. ഇതാണ് ഞങ്ങൾ ഇവിടെ എക്സിപീരിയൻസ് ചെയ്യുന്നത്.

മിഷൻ പ്രവർത്തനം പരിശുദ്ധാത്മാവിന്റെ പ്രവർത്തനമാണ്. നമ്മൾ ഒരു മീഡിയം ആയി നമ്മളെതന്നെ വിട്ടുകൊടുത്താൽ പരിശുദ്ധാത്മാവിന്റെ പ്രവർത്തനം വളരെ ശക്തമായി നമുക്ക് അനുഭവിക്കുവാൻ സാധിക്കും.



## 3. ബലിഗുഡ മിഷനെകുറിച്ച് ഒന്ന് വിവരിക്കാമോ?

'2019 ജൂൺ 13-നാണ് ബലിഗുഡ മിഷൻ ആരംഭിച്ചത് ഫാ. മനു



പൊട്ടനാനി ആയിരുന്നു സ്ഥാപകൻ. മനു അച്ചന്റെ അസിസ്റ്റന്റ് ആയിട്ടായിരുന്നു ആദ്യ അപ്പോയ്മെന്റ്. ഇപ്പോൾ ഇവിടെ പ്രീസ്റ്റ് ഇൻ ചാർജ് ആയി പ്രേഷിത പ്രവർത്തനം ചെയ്യുന്നു. ഞങ്ങൾ 2 അച്ചന്മാരും, എസ്. ഡി സഭാ സമൂഹത്തിലെ രണ്ടു സിസ്റ്റേഴ്സും ഒരു റീജെന്റും ഒരുമിച്ച് വർക്ക് ചെയ്യുന്നു. ഏഴു വില്ലേജുകളിൽ വിശ്വാസ പരിശീലനവും പന്ത്രണ്ടോളം വില്ലേജുകളിൽ സോഷ്യൽ വർക്കും നടത്തുന്നു. 2008-ൽ കലാപമുണ്ടായ കാണ്ഡമാലിലെ ഒരു പ്രദേശമാണ് ബലിഗുഡ. ഞങ്ങൾ വർക്ക് ചെയ്യുന്ന പ്രദേശങ്ങളിലെ ജനങ്ങളെല്ലാം പീഡനം അനുഭവിച്ചവരാണ്. വചനത്തിലുള്ള വിശ്വാസവും വചനത്തിനുവേണ്ടിയുള്ള വലിയൊരു ദാഹം ഇവിടെയുള്ള ദൈവജനത്തിനിടയിൽ വളരെ വ്യക്തമായി കാണുവാൻ സാധിക്കും.

## 4. ഒറീസാ, ബലിഗുഡ മിഷനിൽ ജനങ്ങളുടെ വിശ്വാസ ജീവിതത്തെക്കുറിച്ച്

അമ്പത്തിയെട്ടോളം ആൾക്കാർക്ക് കൂദാശകൾ നല്കാൻ സാധിച്ചു. കുമ്പസാരവും, കുർബാനയും, സ്ഥൈര്യലേപനവും ഒക്കെ





നടത്തുമ്പോൾ പരിശുദ്ധാത്മാവിന്റെ വലിയൊരു അഭിഷേകം കാണുവാൻ സാധിച്ചു. ജനങ്ങളുടെ ഇടയിൽ കുർബാനയിലും കുമ്പസാരത്തിലും ഉള്ള വിശ്വാസം വർദ്ധിക്കുന്നതായി കാണുവാൻ സാധിച്ചു. ഹോസ്റ്റൽ സൗകര്യങ്ങളും, സ്കൂൾ ഫെസിലിറ്റിയും ഇല്ലാത്തവർക്ക് വേണ്ടി ട്യൂഷൻ സെന്റർ നടത്തുന്നുണ്ട്. ഏകദേശം ഇരുന്നൂറോളം പാവപ്പെട്ട കുട്ടികൾ ട്യൂഷൻ സെന്ററിൽ പഠിക്കുന്നുണ്ട്. ഏതാനും നല്ല മനസ്സുകളുടെ സഹായങ്ങൾ ലഭിക്കുന്നതുകൊണ്ടാണ് ഇത് നടന്നുപോകുന്നത്. അതുപോലെ തന്നെ ഇരുപതോളം പാവപ്പെട്ട കുട്ടികളെ സ്കൂൾ വിദ്യാഭ്യാസത്തിന് സഹായിക്കുന്നുണ്ട്. സാന്തോം ഫെലോഷിപ്പിലെ അംഗങ്ങളും അതുപോലെതന്നെ ചില നല്ല വ്യക്തികളുടെ സഹായഹസ്തങ്ങളും കൊണ്ടാണ് ഇതൊക്കെ ചെയ്യുവാൻ സാധിക്കുന്നത്. നിങ്ങളുടെ സഹായം ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു.

**5. ഫെലോഷിപ്പ് അംഗങ്ങളോട് അച്ചന്റെ ക്രിസ്തുമസ് സന്ദേശം?**

ഇമ്മാനുവേൽ – ദൈവം നമ്മോടുകൂടെ എന്നു പറഞ്ഞ കർത്താവ് (മത്താ. 28:20) യുഗാന്തം വരെ നിങ്ങളോടുകൂടെ ഉണ്ടായിരിക്കും. ഇതാണ് എനിക്ക് നിങ്ങൾക്ക് നല്കാനുള്ള സന്ദേശവും. ദൈവം നമ്മോടു കൂടെയുണ്ടെന്നുള്ള വിശ്വാസം. ഈ വിശ്വാസമുണ്ടെങ്കിൽ ഓരോ ദിവസവും നമുക്ക് ക്രിസ്തുമസ് ആയിരിക്കും.

Santhome Fellowship vol. 11 No. 4 Christmas 2021 25 ₹

# പൗരോഹിത്യ സ്വീകരണത്തിന് ഒരുങ്ങുന്ന എം.എസ്.റ്റി ഡീക്കന്മാർക്കും സാന്തോം ഫെലോഷിപ്പ് അംഗങ്ങളുടെ പ്രാർത്ഥനാശംസകൾ

Dn Gervasis (Jince) Kodikulam



Bethlehem Church, Parampuzha
(Changanacherry)
9.15 a.m. on 27-12-2021
by H.B. Mar George Cardinal Alencherry

Dn Michael (Shinto) Vettikuzhichalil



St Joseph Church, Santhigram
(Idukki)
9.15 a.m. on 29-12-2021
by H.E. Mar Sebastian Vadakel

## മിഷനെ അറിഞ്ഞ് മിഷനെ സ്നേഹിച്ച് മിഷനറിയാവാൻ...

### കുഞ്ഞനുജന്മാരെ

### എം.എസ്.റ്റിയിലേക്ക് ക്ഷണിക്കുന്നു

Fr Bijo Vadakkethalackal
Mob: 9400039089
Fr Monse Karuvakunnel
Mob: 9544183779
Missionary Society of
St Thomas the Apostle
Deepti Bhavan , Melampara
P.O. Bharananganam
686 594 - Kottayam

Fr Rony Alencherry
Mob: 9167676237
Fr Manu Pottananickal
Mob: 9497338292
Missionary Society of
St Thomas the Apostle
Santhome Minor Seminary
P.B No.2 vezhupur,
Thamarassery 673 578

## ഏവർക്കും ക്രിസ്തുമസ് പുതുവത്സരാശംസകൾ